**ഭാരതത്തിന്റെ പരമോന്നത നീതിപീഠം**

സിവിൽ അപ്പീൽ അധികാരപരിധി

<u>സിവിൽ അപ്പീൽ നമ്പറുകൾ: 184-186/2020</u>

(പ്രാരംഭം: സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ) നമ്പർ 34143-45/2013

കാപികൊ കേരള റിസോർട്ട്സ് പ്രൈ. ലി. ....... അപ്പീൽവാദി

Vs.

കേരള സംസ്ഥാന സർക്കാർ മുതൽ പേർ ........ എതിർകക്ഷി (കൾ)

കൂടെ

<u>സിവിൽ അപ്പീൽ നമ്പർ: 187/2020</u>

(പ്രാരംഭം: സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ) നമ്പർ 21927/2014

**<u>വിധിന്യായം</u>**

**<u>വി. രാമസുബ്രഹ്മണ്യൻ, ജെ.</u>**

1. അപ്പീൽ നൽകുവാൻ അനുവദിച്ചു.

2. കേരള സംസ്ഥാന തീരദേശപരിപാലന പ്ലാനിന്റെയും (തുടർന്ന് KCZMP എന്ന് പരാമർശിക്കുന്നു) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ, കേരള സംസ്ഥാനത്തിലെ ആലപ്പുഴ ജില്ലയിൽ വേമ്പനാട്ട് കായലിലുള്ള നെടിയതുരുത്ത് ദ്വീപിൽ, ഒരു റിസോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിക്കൊണ്ട്, ആദ്യം ഒരു കൂട്ടം റിട്ട് പെറ്റീഷനുകളിലും തുടർന്ന് ഒരു കൂട്ടം പുന:പരിശോധനാ ഹർജികളിലും, കേരള ഹൈക്കോടതി പുറപ്പെടുവിച്ച പൊതു ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട്, പദ്ധതിയുടെ വക്താവ് മേൽ സൂചിപ്പിച്ച അപ്പീലുകൾ നൽകിയിരിക്കുന്നു.

3. കേരള സംസ്ഥാനത്തിലെ ആലപ്പുഴ ജില്ലയിൽ വേമ്പനാട്ട് കായലിൽ പനവള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട വെറ്റിലതുരുത്ത്, നെടിയതുരുത്ത് എന്നീ ദ്വീപുകളിലെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചായിരുന്നു ഹൈക്കോടതിയുടെ പൊതു ഉത്തരവ്.

4. 25.07.2013 ൽ പാസ്സാക്കിയ പൊതു ഉത്തരവിലൂടെ, നെടിയതുരുത്ത് ദ്വീപിനെ സംബന്ധിച്ച അഞ്ചും വെറ്റിലതുരുത്ത് ദ്വീപിനെ സംബന്ധിച്ച രണ്ടും ഉൾപ്പെടെ, ആകെ ഏഴ് റിട്ട് പെറ്റീഷനുകൾ ഹൈക്കോടതി തീർപ്പാക്കി. നെടിയതുരുത്തുമായി ബന്ധപ്പെട്ട അഞ്ച് റിട്ട് പെറ്റീഷനുകളിൽ, ദ്വീപിലെ നിർമ്മാണ പ്രവർത്തനങ്ങളെ എതിർത്തുകൊണ്ടുള്ള മൂന്നെണ്ണവും (i) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, (ii) ഒരു പൊതുക്ഷേമ തത്പര സൊസൈറ്റി, (iii) മീൻപിടുത്തക്കാരുടെയും തൊഴിലാളികളുടെയും ഒരു ട്രേഡ് യൂണിയൻ എന്നിവരുടെതായിരുന്നു. 1991 ലെ CRZ വിജ്ഞാപനത്തെ പിന്തുടർന്ന് തയ്യാറാക്കിയ തീരദേശപരിപാലന പ്ലാനിൽ ടി ദ്വീപിനെ ഉൾപ്പെടുത്തുന്നതിനെ ചോദ്യം ചെയ്തുകൊണ്ടും, പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടും ആക്ഷേപിക്കപ്പെട്ട വിധിയിൽ 'കമ്പനി' എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്ന, പദ്ധതിയുടെ വക്താവായ 'കാപികൊ' കേരള റിസോർട്ട്സ് ലിമിറ്റഡിന്റെതായിരുന്നു മറ്റ് രണ്ട് റിട്ട് പെറ്റീഷനുകൾ. അതുപോലെ വെറ്റിലതുരുത്ത് ദ്വീപുമായി ബന്ധപ്പെട്ട 2 റിട്ട് പെറ്റീഷനുകളിൽ ഒന്ന് നിർമ്മാണപ്രവർത്തനങ്ങളെ എതിർക്കുന്ന സൊസൈറ്റിയുടേതും മറ്റേത് പദ്ധതിയുടെ വക്താവായ, ആക്ഷേപിക്കപ്പെട്ട വിധിയിൽ 'ദ്വീപുടമകൾ' എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്ന വാമിക ഐലൻഡ് (ഗ്രീൻ ലഗൂൺ റിസോർട്ട്) വകയും ആണ്.

5. 25.07.2013 ലെ ഹൈക്കോടതി ഉത്തരവിന്റെ ഫലമായി (i) രണ്ട് ദ്വീപുകളിലെയും പദ്ധതിയുടെ വക്താക്കൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ നിരസിക്കപ്പെടുകയും (ii) താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശീയരായ ടി മത്സ്യത്തൊഴിലാളികളോ ടി ട്രേഡ് യൂണിയനോ അതുമല്ലെങ്കിൽ ടി സൊസൈറ്റിയോ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ അനുവദിക്കപ്പെടുകയും ചെയ്തു.

(i) ഭൂസംരക്ഷണ നിയമത്തിന് കീഴിൽ നെടിയതുരുത്ത് ദ്വീപിലെ പദ്ധതിയുടെ വക്താവിനെതിരെ (ഈ അപ്പീലുകളിലെ അപ്പീൽവാദിയായ 'കാപികൊ'യ്ക്കെതിരെ) നെടിയതുരുത്ത് ദ്വീപിലെ കൈയ്യേറ്റങ്ങൾ നീക്കം ചെയ്യാനായി തുടങ്ങിവച്ച നടപടികൾ നിയമാനുസൃതമായി തുടരുക.

(ii) നെടിയതുരുത്ത് ദ്വീപിലെ കൈയ്യേറ്റങ്ങൾ മൂന്ന് മാസത്തിനുള്ളിൽ തന്നെ നീക്കം ചെയ്തുവെന്ന് ഭാരത സർക്കാർ അധികാരി ഉറപ്പുവരുത്തുക.

(iii) നെടിയതുരുത്ത് ദ്വീപിലെ പദ്ധതിയുടെ വക്താവായ കാപികൊയും വെറ്റിലതുരുത്ത് ദ്വീപിലെ പദ്ധതിയുടെ വക്താവായ വാമികയും തുടർന്നങ്ങോട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

(iv) ദ്വീപുടമകളായ 'വാമിക' കെട്ടിയുയർത്തിയ അനധികൃത നിർമ്മിതികൾ നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ ഭാരത സർക്കാർ അതോറിറ്റി കൈക്കൊള്ളുക.

(v) വെറ്റിലതുരുത്ത് ദ്വീപിലെ നമ്പറിടാത്ത കെട്ടിടങ്ങൾക്ക് നേരെ അധികൃതർ നടപടിയെടുക്കണം.

6. 25.07.2013 ൽ ഹൈക്കോടതി പാസ്സാക്കിയ പൊതു ഉത്തരവിനെതിരായ ആ ഏഴ് റിട്ട് ഹരജികളിൽ (5 എണ്ണം നെടിയതുരുത്തുമായി ബന്ധപ്പെട്ടത്, 2 എണ്ണം വെറ്റിലതുരുത്തുമായി ബന്ധപ്പെട്ടത്) വെറ്റിലതുരുത്തിലെ പദ്ധതിക്കായി രണ്ട് സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തത് വാമിക ഐലൻഡ് (ഗ്രീൻ ലഗൂൺ റിസോർട്ട്) ആണ്. SLP(C)No.24390-24391/2013 ലുള്ള ഈ രണ്ട് സ്പെഷ്യൽ ലീവ് ഹർജികളും, 01.08.2013 ലാണ് ആദ്യമായി വിചാരണയ്ക്ക് വന്നത്. മാത്രമല്ല, ഹരജിക്കാരന്റെ വാദം കേട്ട ശേഷം വിധന്യായം റിസർവ് ചെയ്യുകയും ചെയ്തു. തുടർന്ന് 08.08.2013 ൽ വാമിക ഐലൻഡ് അഭി. യൂണിയൻ ഓഫ് ഇൻഡ്യ എന്ന് പരാമർശിക്കപ്പെട്ട യുക്തിസഹമായ ഒരു വിധിന്യായത്തിലൂടെ ഈ കോടതി സ്പെഷ്യൽ ലീവ് പെറ്റീഷനുകളെ നിരസിക്കുകയും, അതുവഴി ഹൈക്കോടതിയുടെ ആക്ഷേപിക്കപ്പെട്ട വിധിക്ക് സമ്മതി നൽകുകയും ചെയ്തു. ആകയാൽ, വെറ്റിലതുരുത്തിലെ റിസോർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട തർക്കത്തിന് തീർപ്പ് വരികയും പദ്ധതി ആരിൽ നിന്നും കൂടുതൽ അനുമതിയുടെ ആവശ്യമില്ലാതെ കടലാഴങ്ങളിൽ മുങ്ങുകയും ചെയ്തു.

7. എന്നാൽ നെടിയതുരുത്ത് ദ്വീപിനെ സംബന്ധിച്ചിടത്തോളം ഈ അപ്പീലുകളിലെ അപ്പീൽവാദി ആദ്യത്തെ തവണ 07.08.2013 ൽ, SLP(C)No.34143-34145/2013 എന്നീ മൂന്ന് സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തു. (വെറ്റിലതുരുത്തുമായി ബന്ധപ്പെട്ട സ്പെഷ്യൽ ലീവ് പെറ്റീഷനുകളിൽ വിധിന്യായം റിസർവ് ചെയ്യപ്പെട്ട ശേഷം). മൂന്ന് സ്പെഷ്യൽലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തത് കൂടാതെ, റിവ്യൂ പെറ്റീഷൻ നമ്പർ 776 മുതൽ

780 വരെയും 2013 ലെ 843 ഉം വഴി 6 പുന:പരിശോധനാ ഹർജികളിലൂടെ (കമ്പനിയുടെ 5 ഉം അതിന്റെ ഡയറക്ടർ വഴി ഒന്നും) ഈ അപ്പീൽവാദികൾ കേരള ഹൈക്കോടതിയെ സമീപിച്ചു. എന്നാൽ പുന:പരിശോധനയ്ക്കായുള്ള ഹർജികൾ വാദത്തിന് എടുത്തപ്പോഴേയ്ക്കും, 08.08.2013 ൽ വാമിക ഐലൻഡിന്മേലുള്ള പൊതു ഉത്തരവ് ഈ കോടതി ശരിവച്ചിരുന്നു. അതിനാൽ ഡോക്ടറിൻ ഓഫ് മെർജർ പ്രയോഗിച്ചുകൊണ്ട് 10.12.2013 ലെ ഉത്തരവിലൂടെ ഹൈക്കോടതി ആ റിവ്യൂ പെറ്റീഷനുകളെ നിരസിച്ചു. നിരസിക്കപ്പെട്ട 6 റിവ്യൂ പെറ്റീഷനുകളിൽ ഒന്നായ RP No.776/2013 (W.P.(C)No.195654/2011 ൽ നിന്നും വന്നത്) നെ നിരസിച്ചത് മാത്രം ചോദ്യം ചെയ്തുകൊണ്ട് അപ്പീൽവാദികൾ SLP(C)No.21927/2014 ൽ പ്രത്യേകം സ്പെഷ്യൽ ലീവ് പെറ്റീഷനുമായി മുന്നോട്ട് വന്നു. ഇത് 25.07.2013 ലെ യഥാർത്ഥ ഉത്തരവിൽ നിന്നും വന്ന 3 സ്പെഷ്യൽലീവ് പെറ്റീഷനുകൾക്കൊപ്പം ഉൾപ്പെടുത്തപ്പെട്ടു.

8. അങ്ങനെ, നെടിയതുരുത്ത് ദ്വീപിൽ റിസോർട്ടിന്റെ നിർമ്മാണം നടത്തുന്നതിലേയ്ക്കായി പദ്ധതിയുടെ വക്താവ് ഫയൽ ചെയ്ത നാല് അപ്പീലുകൾ ആണ് ഇപ്പോൾ നമ്മുടെ മുന്നിലുള്ളത്. ഈ അപ്പീലുകൾ യഥാക്രമം,

(i) CRZ ൽ നെടിയതുരുത്ത് ദ്വീപിനെ ഉൾപ്പെടുത്തിയത് ചോദ്യം ചെയ്തുകൊണ്ടും, ടി ദ്വീപിന് CRZ വിജ്ഞാപനം ബാധകമല്ല എന്നുള്ള പ്രഖ്യാപനം ആവശ്യപ്പെട്ടുകൊണ്ടും, പദ്ധതിയുടെ വക്താവ് ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ നിരസിക്കൽ.

(ii) റിസോർട്ടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പോലീസ് സംരക്ഷണം തേടിക്കൊണ്ട് പദ്ധതിയുടെ വക്താവ് സമർപ്പിച്ച റിട്ട് ഹർജിയുടെ നിരസിക്കൽ.

(iii) ഒരു സൊസൈറ്റി സമർപ്പിച്ച റിട്ട് ഹരജിയിന്മേൽ കയ്യേറ്റങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടരാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ്.

(iv) പദ്ധതിയുടെ വക്താവ് പണിയിച്ചുയർത്തിയ നിർമ്മിതികളെ പൊളിക്കാനും കൈയ്യേറ്റങ്ങളെ നീക്കം ചെയ്യാനുമുള്ള നടപടികൾ തുടരാനും നിർദ്ദേശിച്ചുകൊണ്ട്, തദ്ദേശിയരായ മത്സ്യത്തൊഴിലാളികൾ ദ്വീപിലെ കോരുവലകൾക്ക് മേൽ അവകാശമാവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത റിട്ട് ഹരജിയിന്മേൽ പാസ്സാക്കിയ ഉത്തരവ്, പുന:പരിശോധന നടത്താനായി സമർപ്പിച്ച ഹർജി തള്ളിയത്.

<u>പ്രസക്ത റിട്ട് ഹർജിയിലെ വാദങ്ങൾ</u>

9. മുൻപ് സൂചിപ്പിച്ചതുപോലെ ഇവിടുത്തെ അപ്പീൽ വാദികളാണ് ഹൈക്കോടതിയിലെ 2 റിട്ട് ഹർജിയിലെ ഹർജിക്കാർ. പക്ഷേ അപ്പീൽവാദികൾ ഹൈക്കോടതിക്ക് മുന്നിൽ കാര്യമായ പരിഹാരം ആവശ്യപ്പെട്ടുവന്ന റിട്ട് ഹർജി, W.P.(C)No.4808/12 ആണ്. ചുരുക്കി പറയുകയാണെങ്കിൽ, W.P.(C)No.4808 ലെ അപ്പീൽവാദികളുടെ അവകാശവാദങ്ങളായിരുന്നു,

(i) 1991 ലെ CRZ വിജ്ഞാപനം നെടിയതുരുത്ത് പോലുള്ള ദ്വീപുകൾക്ക് ബാധകമല്ലന്നും ആദ്യമായി, 2011 ലെ CRZ വിജ്ഞാപനത്തിലൂടെ മാത്രമാണ്, കേരളത്തിലെ കായലുകളിൽ ചിതറികിടക്കുന്ന ദ്വീപുകളെ നിയന്ത്രണങ്ങളുടെ പരിധിയിൽ കൊണ്ടുവന്നതെന്നും

(ii) അപ്പീൽവാദികൾ എൻ.ഒ.സി. നേടിയത് 02.08.1996 ലും ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതി നേടിയത് 10.10.2007 ലും ആകയാൽ 2011 ലെ CRZ വിജ്ഞാപനം അവരുടെ കാര്യത്തിൽ ബാധകമല്ലെന്നും

(iii) 1991 ലെ CRZ വിജ്ഞാപനം ചെറിയ ദ്വീപുകളെ ഉൾപ്പെടിത്തിയിരിക്കുന്ന സി.ആർ. IV വിഭാഗത്തിലെ മാനദണ്ഡങ്ങൾ ഇനിയും ഉരുത്തിരിഞ്ഞിട്ടില്ലാത്തതിനാൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വിലക്കില്ലയെന്നും

(iv) ചെറിയ ദ്വീപുകളുടെ കാര്യത്തിൽ എച്ച്.ടി.എൽ.-ൽ നിന്നുമുള്ള ദൂരം അതത് കേസിനനുസരിച്ച് തീരുമാനിക്കേണ്ടതുണ്ടെന്നും

(v) അപ്പീൽവാദിയുടെ ഭൂമി കാറ്റഗറി IV ൽ വരുന്നതുകൊണ്ട് ചെറിയ ദ്വീപുകൾക്ക് പ്രത്യേക വേർതിരിവ് ഇല്ലാത്തതിനാൽ, പറഞ്ഞിരിക്കുന്ന നിയന്ത്രണങ്ങൾ ഒന്നും തന്നെ ബാധകമല്ലയെന്നും

(vi) 1991 ലെ വിജ്ഞാപനത്തിന് കീഴിൽ കേരളത്തിനുള്ള സി.സെഡ്.എം.പി ചിട്ടയില്ലാതെ തിടുക്കത്തിലാണ് തയ്യാറാക്കിയതെന്നും;

(vii) നിർദ്ദിഷ്ട പ്രദേശ വിസ്തൃതി കണക്കാക്കിയുള്ള നിർവ്വഹണ രൂപരേഖ തയ്യാറാക്കണമെന്ന അനുശാസനയോടു കൂടിയാണ് 26.11.1998 ലെ വിജ്ഞാപനം വഴി KCZMA രൂപവൽക്കരിച്ചതെന്നും എന്നാൽ അത്തരത്തിൽ യാതൊരു രൂപരേഖയും തയ്യാറാക്കിയിട്ടില്ല എന്നും

(viii) CRZ നിർണ്ണയിക്കാൻ നിർദ്ദിഷ്ട പ്രദേശ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള

മാനദണ്ഡങ്ങളുടെ അഭാവത്തിൽ, കായൽ ദ്വീപുകൾക്ക് 1991 ലെ വിജ്ഞാപനം ബാധകമല്ലായെന്നും

(ix) 1991 ലെ വിജ്ഞാപനത്തിന്റെ അനുബന്ധം I ചെറിയ ദ്വീപുകളെ കാറ്റഗറി IV ന് കീഴിൽ പെടുത്തുന്നുവെന്നും CRZ II ഉം CRZ III യും ദ്വീപുകളിൽ നിന്ന് വ്യത്യസ്തമായ പ്രദേശങ്ങളുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നും

(x) അപ്പീൽ വാദികൾ നിർമ്മാണം പൂർത്തിയാക്കിയ കായൽ ദ്വീപിന്റെ ശരാശരി വീതി 20-60 മീറ്റർ മാത്രമായതിനാൽ, കാറ്റഗറി III മായി ബന്ധപ്പെട്ട നിയന്ത്രണത്തിന്റെ വിപുലീകരണം ആർട്ടിക്കിൾ 300 എ പ്രകാരം നൽകിയിട്ടുള്ള അവകാശത്തിന്റെ ലംഘനമാകുമെന്നും

(xi) 1991 ലെ വിജ്ഞാപനം ചെറിയ ദ്വീപുകൾക്ക് ബാധകമാണെങ്കിൽക്കൂടി, ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പഠനത്തിലൂടെ ചെറിയ ദ്വീപുകളുടെ വലിപ്പത്തെ അടിസ്ഥാനമാക്കിയാവണം HTL നിർണ്ണയിക്കേണ്ടതെന്ന് വിജ്ഞാപനത്തിലെ അനുബന്ധം I പ്രത്യേകം ആവശ്യപ്പെടുന്നുണ്ടെങ്കിലും അതിതുവരെ നടത്തിയിട്ടില്ല.

10. തദ്ദേശിയ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഫയൽ ചെയ്ത റിട്ട് ഹരജി (2011 ലെ WP No.19564) ക്ക് കേരള തീരദേശപരിപാലന അതോറിറ്റി ഫയൽ ചെയ്ത ആദ്യകാല സത്യവാങ്മൂലത്തിൽ അവർ ഇനി പറയുന്ന നിലപാട് സ്വീകരിച്ചതായി കാണുന്നു. അതായത്, (i) വേമ്പനാട് കായൽ CRZ IV ൽ പെടുന്നുവെന്ന് (ii) നെടിയതുരുത്ത് ദ്വീപ് CRZ III ൽ പെടുന്നുവെന്ന് (iii) നെടിയതുരുത്ത് ദ്വീപിന് HTL ൽ നിന്നും കരയിലേക്ക് 100 മീറ്റർ വരെ CRZ ഉണ്ട് എന്ന് (iv) റിസോർട്ടിന്റെ നിർമ്മാണത്തിന് 1991 ലെയും 2011 ലെയും വിജ്ഞാപനത്തിന് കീഴിൽ ക്ലിയറൻസ് വേണ്ടിയിരുന്നുവെന്നും (v) വേമ്പനാട് കായൽ അതീവ ദുർബല തീരപ്രദേശമായിട്ടാണ്(vi) പനവള്ളി ഗ്രാമപഞ്ചായത്തിന് കടൽത്തീരമില്ലെങ്കിലും, വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളുണ്ടെന്നും (vii) CRZ വിജ്ഞാപനം ബാധകമായിരിക്കുമ്പോൾ കെട്ടിട നിർമ്മാണാനുമതി നൽകാൻ പഞ്ചായത്തിന് അർഹതയില്ലയെന്നും.

11. എന്നിരുന്നാലും 2012 ലെ W.P.(C)No.4808 ൽ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ കേരള തീരദേശപരിപാലന നിയന്ത്രണ അതോറിറ്റി ടി ദ്വീപ് CRZ I ൽ പെടുന്നുവെന്ന നിലപാടാണെടുത്തത്. 1991 ലെ വിജ്ഞാപനപ്രകാരം CRZ I ഉം CRZ III ഉം തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ (i) പരിസ്ഥിതി ലോലവും പാരിസ്ഥിതിക പ്രാധാന്യവുമുള്ള പ്രദേശങ്ങളായ നാഷണൽ പാർക്കുകൾ / മറൈൻ പാർക്കുകൾ, സങ്കേതങ്ങൾ, റിസർവ് വനങ്ങൾ, വന്യജീവി ആവാസ കേന്ദ്രങ്ങൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മത്സ്യങ്ങളുടെയും മറ്റു കടൽ ജീവികളുടെയും പ്രജനനം നടക്കുന്ന/ നടത്തിയെടുക്കുന്നതിനോട് ചേർന്ന സ്ഥലങ്ങൾ, ചരിത്രപ്രധാനമോ പൈതൃകസമ്പന്നമോ ശ്രദ്ധേയമായ പ്രകൃതി സൗന്ദര്യമുള്ളതോ ആയ പ്രദേശങ്ങൾ, ജനിതക വൈവിധ്യത്താൽ സമ്പന്നമായ പ്രദേശങ്ങൾ, ആഗോളതാപനത്തിന്റെ ഫലമായി സമുദ്രനിരപ്പ് ഉയരുന്നത് മൂലം വെള്ളത്തിൽ മുങ്ങിപ്പോകാൻ സാധ്യതയുള്ള പ്രദേശങ്ങൾ തുടങ്ങി മറ്റ് പ്രദേശങ്ങളായി കേന്ദ്ര ഗവൺമെന്റോ ബന്ധപ്പെട്ട അധികാരികളോ പ്രഖ്യാപിച്ച സ്ഥലങ്ങൾ പിന്നെ LTL നും HTL നും ഇടയിൽ വരുന്ന പ്രദേശങ്ങൾ എന്നിവ CRZ I ന് കീഴിൽപെടുന്നുവെന്നും, (ii) എന്നാൽ അതേസമയം താരതമ്യേന ഭ്രംശം നേരിട്ടിട്ടില്ലാത്തതും കാറ്റഗറി I ലോ II ലോ പെടാത്തതും പക്ഷേ ഗ്രാമീണ പ്രദേശങ്ങളിലെ തീരദേശങ്ങൾ ഉൾപ്പെടുന്നവയും മുനിസിപ്പൽ പരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിയമാനുസൃതമായി നഗരപ്രദേശമായി തീരുമാനിക്കപ്പെട്ട എന്നാൽ ഗണ്യമായി നിർമ്മാണം നടന്നിട്ടില്ലാത്ത മറ്റു പ്രദേശങ്ങൾ, എന്നിവ CRZ III ക്ക് കീഴിൽ പെടുന്നു.

12. CRZ II / CRZ III ലെ നിയന്ത്രണങ്ങളെയും നിബന്ധനകളെയും സംബന്ധിച്ചിടത്തോളം, തീരദേശ പരിപാലന അതോറിറ്റിയുടെ നിലപാടിന്റെ വെളിച്ചത്തിൽ അപ്പീൽവാദികൾക്ക് ഉണ്ടായ ഫലം ഒന്നു തന്നെയാണ്. വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്നതല്ലാതെ വേറെ പുതിയ നിർമ്മാണങ്ങളൊന്നും തന്നെ CRZ I ൽ അനുവദിച്ചിട്ടില്ലാത്തപ്പോൾ തന്നെ, HTL ൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശങ്ങൾ 'നിർമ്മാണ പ്രവർത്തന നിരോധിത പ്രദേശം' എന്ന് CRZ III ൽ അടയാളപ്പെടുത്തണം. HTL ൽ നിന്നും കരയിലേക്ക് 100 മീറ്ററോളം CRZ ഉണ്ട് എന്നതിന്റെ പ്രത്യേകാടിസ്ഥാന ത്തിലാണ് തീരദേശ പരിപാലന അതോറിറ്റിയുടെ എതിർ സത്യവാങ് മൂലം മുന്നോട്ട്

പോയതെന്നതിനാൽ, തീരദേശ പരിപാലന അതോറിറ്റിയുടെ നിലപാടിലെ വൈരുദ്ധ്യം അപ്പീൽവാദിക്ക് മെച്ചമുണ്ടാക്കില്ല.

<u>യോഗ്യതയെക്കുറിച്ചുള്ള ഹൈക്കോടതിയുടെ കണ്ടെത്തലുകൾ</u>

13. രണ്ട് ദ്വീപുകളെയും ഉൾപ്പെടുത്തുന്ന പൊതു ഉത്തരവിൽ, ചുരുക്കത്തിൽ, ഹൈക്കോടതിയുടെ നിലപാടെന്തെന്നാൽ (I) നെടിയതുരുത്തും വെറ്റിലതുരുത്തും ദ്വീപുകൾ രണ്ടും തന്നെ കേരളത്തിലെ കായൽ ദ്വീപുകളാണെന്നും ആയതിനാൽ 1991 ലെ CRZ വിജ്ഞാപനത്തിന്റെ പരിധിയിൽപെടുമെന്നും (ii) ഒരു പ്രദേശത്തെ CRZ ആയി തരംതിരിക്കാൻ ലവണതാപരിശോധനയുടെ ആവശ്യകത 2002 ൽ മാത്രമാണ് ഒരു ഭേദഗതിയിലൂടെ കൊണ്ടുവന്നതെങ്കിലും അതോറിറ്റി 5 പി.വി.റ്റി. (1000 ൽ എത്ര ഭാഗം എന്ന കണക്ക്) യുടെ അടിസ്ഥാനത്തിൽ ലവണതാപരിശോധന നടത്തിയതായി ഉറപ്പ തരുന്നു (iii) അപ്പീൽവാദിക്ക് ലഭിച്ചിരിക്കുന്ന പെർമിറ്റ് പ്രകാരം അവർ 1991 ലെ CRZ വിജ്ഞാപനത്തിന് കീഴ്പ്പെടേണ്ടത് നിർബന്ധമാണെന്നും ആയതിനാൽ അവർക്ക് 2002 ലെ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നത് പോലെ ഏറ്റവും വരൾച്ച കൂടിയ സമയത്തല്ല ലവണാംശ പരിശോധന നടത്തപ്പെട്ടതെന്നതിന്റെ പേരിൽ CZMP യെ എതിർക്കാൻ കഴിയില്ലെന്നും (iv) 1991 ലെ വിജ്ഞാപനത്തിലെ CRZ IV ലുള്ള 'ചെറിയ ദ്വീപുകൾ' എന്ന പദപ്രയോഗം ആൻഡമാൻ & നിക്കോബാറിന്റെയും ലക്ഷദ്വീപിന്റെയും സമീപത്തുള്ള ചെറിയ കടൽ ദ്വീപുകളെ ഉദ്ദേശിച്ചുള്ളതാണെന്നും വിജ്ഞാപനം മുന്നിൽക്കണ്ട വേലിയേറ്റ പ്രതിഭാസത്തിന്റെ സ്വാധീനമുള്ള കായൽ ദ്വീപുകളെ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതല്ലെന്നും (v) മീനുകളുടെയും മറ്റു കടൽ ജീവികളുടെയും പ്രജനനം നടക്കുന്നതും പ്രജനനം നടത്തിയെടുക്കുന്നതുമായ പ്രദേശങ്ങളും കണ്ടൽക്കാടുകളും ഉള്ള കായൽ ദ്വീപുകൾ CRZ I ൽ പെടുമെന്നും (vi) 1991 ലെ വിജ്ഞാപനം കടലോര പ്രദേശങ്ങൾക്കൊപ്പം തന്നെ കായൽ ദ്വീപുകളുടെ കടലോര പ്രദേശങ്ങളെയും അതിന്റെ അധികാരപരിധിയിൽ വ്യക്തമായി പെടുത്തുന്നുവെന്നും (vii) പാരിസ്ഥിതിക നീതി നിയമശാസ്ത്രത്തിന്റെയും ആ മേഖലയിലുള്ള നിയമങ്ങളുടെയും വികാസത്തിന്റെ വെളിച്ചത്തിൽ, സ്വത്തവകാശത്തിനുമേൽ നിയമാനുസൃതമായ നടപടിക്രമങ്ങളിലൂടെയുള്ള നിയന്ത്രണങ്ങളും നിബന്ധനകളും ആർട്ടിക്കിൾ 300A വിഭാവനം ചെയ്യുന്ന അവകാശത്തിന്റെ ലംഘനമായി

കാണാനാവില്ലെന്നും (viii) കടലിലെ ജലനിരപ്പുയരുന്നതുമൂലം വെള്ളപ്പൊക്ക മുണ്ടാവാനിടയുള്ള ഒരു താഴ്ന്ന പ്രദേശമാണ് നെടിയതുരുത്ത് എന്നതാണ് അതോറിറ്റിയുടെ സവിശേഷ നിലപാടെന്നും (ix) ഊറ്റുകുളങ്ങൾ, അവയുടെ പ്രകൃത്യാലുള്ള സ്വഭാവം കൊണ്ടുതന്നെ കായലുകളോടു ചേർന്നു കിടക്കുന്നു എന്നും നെടിയതുരുത്ത് ഊറ്റു കുളങ്ങളുള്ളൊരു ദ്വീപാണെന്നും (x) 50 മീറ്ററിലും അല്പം കൂടി മാത്രം വീതിയുള്ള, വികസന പ്രവർത്തനങ്ങൾ സാധ്യമല്ലാത്തവിധം വീതികുറഞ്ഞയിടമായതിനാൽ ടി പ്രദേശം മുഴുവനും ഊറ്റുകുളമായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും (xi) ആർട്ടിക്കിൾ 226 ന് കീഴിലെ ഒരു റിട്ട് ഹർജിയിൽ ഇത്തരമൊരു ഇനം തിരിയ്ക്കലിന്റെ കാര്യത്തിൽ ഹൈക്കോടതിക്ക് ഇടപെടാനാവില്ലെന്നും (xii) 1991 ലെ വിജ്ഞാപനത്തിന് കീഴിൽ, വേലിയേറ്റത്തിന്റെ സ്വാധീനമുള്ള കടലുകൾ, അഴിമുഖങ്ങൾ, ചെറുകൈവഴികൾ, പുഴകൾ പിന്നെ കായലുകൾ എന്നിവയുടെ കരയോട് 500 മീറ്റർ വരെയുള്ള ഭാഗം തീരദേശ നിയന്ത്രണ മേഖലയ്ക്കകത്ത് വരുമെന്നും (xiii) HTL ൽ നിന്നുമുള്ള ദൂരം പുഴകളുടെയും ചെറുകൈവഴികളുടെയും കായലുകളുടെയും രണ്ടു വശങ്ങളിലും ബാധകമാണെന്നും (xiv) അതതു കേസിന്റെ കാര്യത്തിൽ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ടി ദൂരത്തിൽ മാറ്റം വരുത്താനാകുമെങ്കിലും 100 മീറ്ററിലും കുറവായോ ജലാശയത്തിന്റെ വീതിയിലും കുറവായോ മാറ്റാനാവില്ല (xv) 1994 ലെ ഒരു ഭേദഗതിയിലൂടെ ടി ദൂരം 100 ൽ നിന്നും 50 മീറ്ററായി കുറച്ചുവെങ്കിലും ഈ കോടതി അതിനെ നിരാകരിച്ചു (xvi) അതിനാൽ KCZMA 1995 ൽ തയ്യാറാക്കിയ പ്ലാനിനെ വിധിന്യായത്തിനനുസരിച്ചുള്ള മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടി വന്നു. (xvii) കമ്പനി പറഞ്ഞതിൻ പ്രകാരവും ദ്വീപിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിരിക്കുന്ന സ്ഥലത്തിന്റെ വീതി 20 മീറ്ററിനും 50 മീറ്ററിനും ഇടയ്ക്കാണ് (xviii) S. Jagannath v. UOI[2] ൽ പാരിസ്ഥിതിക മലിനീകരണമുണ്ടാക്കുന്നൊരു വിശേഷതയായിട്ടാണ് ഈ കോടതി ഊറ്റുകുളങ്ങളെ കണ്ടതെങ്കിലും ടി ദ്വീപ് CRZ I നുള്ളിൽ വരുന്നൊരു കായൽ ദ്വീപായതിനാൽ കോടതിയുടെ ഈ നിലപാട് അപ്പീൽവാദിക്ക് ഉപയോഗപ്പെടില്ല (xix) ഇവിടെ പറഞ്ഞിരിക്കുന്ന ദ്വീപ് ഒരു കടൽ ദ്വീപല്ല; മറിച്ച് ഒരു കായൽദ്വീപ് മാത്രമാണ് എന്നതിനാൽ ടി ദ്വീപിന് പ്രത്യേകമായൊരു പഠനം നടത്തേണ്ടതിന്റെ ആവശ്യകത ഉണ്ടായില്ല (xx) ഒരു കാഡസ്ട്രൽ മാപ്പ് നേടിയെടുക്കാൻ കഴിയാത്തത് മാരകമായി കണക്കാക്കാനാവില്ല.

14. മേൽ പറഞ്ഞ നിഗമനങ്ങളിലേയ്ക്ക് എത്തുന്നതിന് ഹൈക്കോടതി തിരുവനന്തപുരം ആക്കുളത്തുള്ള സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ മറൈൻ സയൻസ് ഹെഡ് ആയൊരു ഡോ. കെ.വി.തോമസ് എന്ന ശാസ്ത്രജ്ഞന്റെ സഹായമഭ്യർത്ഥിച്ചിരുന്നു. ആക്ഷേപത്തിന് കാരണമായ ഓർഡറിൽ നിന്നും ഹൈക്കോടതി ഡോ. കെ.വി.തോമസിനോട് ചില ചോദ്യങ്ങൾ പ്രത്യേകം ചോദിച്ചുവെന്ന് കാണാം: (i) HTL കടൽത്തീരങ്ങളിൽ മാത്രമേയുള്ളുവെന്നും മറ്റു ഭാഗങ്ങളിൽ ഇല്ലേയെന്നും (ii) HTL തീരുമാനിക്കാനായി നടത്തിയ പരിശോധനയും (iii) ഊറ്റുകുളമുള്ളയിടമായി നെടിയതുരുത്തിനെ തിരിച്ചറിഞ്ഞതെങ്ങനെയെന്നും അപ്പീൽവാദികൾക്കായി ഹാജരാകുന്ന വിദുഷിയായ നിയമോപദേഷ്ടാവിനും ഡോ. കെ.വി.തോമസിനോട് ചോദ്യങ്ങൾ ചോദിക്കാനനുമതി കൊടുത്തിരുന്നുവെന്നാണ് ആക്ഷേപിക്കപ്പെട്ട ഉത്തരവിൽ നിന്നും മനസ്സിലാവുന്നത്. തുടർന്ന്, ഡോ. കെ.വി.തോമസിന്റെ പ്രസ്താവനകൾക്ക് മേൽ അപ്പീൽ വാദികൾ എതിർവാദങ്ങളടങ്ങിയൊരു സത്യവാങ്മൂലം ഫയൽ ചെയ്തു. എതിർവാദങ്ങളടങ്ങിയ ഈ സത്യവാങ്മൂലം ഡോ. കെ.വി.തോമസിന്റെ പ്രസ്താവനകളിലെ പൊരുത്തക്കേടുകളും പിശകുകളും എടുത്തുകാണിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. ഡോ.തോമസിന്റെ അഭിപ്രായമാരാഞ്ഞു കൊണ്ടുള്ള ഹൈക്കോടതിയുടെ നടപടിയെ എതിർത്തിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസ്താവനകൾ പക്ഷഭേദപരമാണെന്നും എതിർത്തിരുന്നില്ല.

<u>കൈയ്യേറ്റങ്ങൾക്ക് മേൽ ഹൈക്കോടതിയുടെ കണ്ടെത്തലുകൾ</u>

15. റിട്ട് ഹരജികളിലെ സാങ്കേതിക പ്രശ്നങ്ങളിൽ ഒരു വിദഗ്ദാഭിപ്രായമാരാഞ്ഞതു കൂടാതെ ഇനി പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാനായി ആലപ്പുഴ ഡെപ്യൂട്ടി സർവ്വേയറെക്കൊണ്ട് ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ ഒരു സർവ്വെ നടത്തിക്കുകയും ചെയ്തു: (i) അപ്പീൽ വാദികളുടെ കൈവശമുള്ള ഭൂമിയുടെ വ്യാപ്തി (ii) ദ്വീപിന്റെ ശരിയ്ക്കുള്ള കൃത്യമായ വ്യാപ്തി. അപ്പീൽ വാദികൾ കൈയ്യേറ്റങ്ങൾ നടത്തിയ നിലയ്ക്കും കുറ്റക്കാരാണെന്നുള്ള പ്രാദേശിക മത്സ്യത്തൊഴിലാളികളുടെയും ടി സൊസൈറ്റിയുടെയും പ്രത്യേക ആരോപണത്തിന്റെ വെളിച്ചത്തിലാണ് ഹൈക്കോടതി ഇത് നടത്തിയത്. ഇതിലേയ്ക്കായി 22.11.2012 ൽ പാസ്സാക്കിയ ഓർഡറിന്റെ ഫലമായി ഒരു സർവ്വെയും അളവെടുപ്പും നടത്തുകയും, ഒരു

റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് പ്രകാരം, 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിന്റെ സെക്ഷൻ 11 അനുസരിച്ചൊരു നോട്ടിസ് പുരപ്പെടുവിക്കുന്നതിലേക്ക് നയിച്ചു കൊണ്ട്, കൈയ്യേറ്റമുണ്ടെന്ന് കണ്ടു റിപ്പോർട്ട് ഫയൽ ചെയ്യപ്പെട്ട ശേഷം 2012 ലെ IA No.1674 എന്ന നമ്പറിൽ അപ്പീൽവാദികൾ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് ഒരു താൽക്കാലിക അപേക്ഷ ഫയൽ ചെയ്തു. അധികാരപ്പെട്ട ഒരു ഫോറത്തിന്റെ മുന്നിൽ സർവ്വേ റിപ്പോർട്ടിന്റെ കൃത്യതയെ ആക്ഷേപിക്കാനുള്ള അവസരം അപ്പീൽവാദികളുടെ തീരുമാനത്തിന് വിട്ടുകൊടുത്തു. മറ്റൊരു തരത്തിൽ, ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ട സർവ്വെയുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ അപ്പീൽവാദികൾക്ക് മുന്നിലെ, വഴികൾ കൊട്ടിയടയ്ക്കാതെ, ആ സർവ്വേ റിപ്പോർട്ടിനെ തന്നെ മറ്റൊരു നടപടിക്രമത്തിലൂടെ ചോദ്യം ചെയ്യാനുള്ള അവസരം നൽകിക്കൊണ്ട്, ഹൈക്കോടതി അപ്പീൽവാദികളുടെ വാദമുഖങ്ങൾക്ക് ഒരു പുതുജീവൻ നൽകിയെന്ന് പറയാം. ഹൈക്കോടതിയുടെ ഈ കണ്ടെത്തലുകൾ വച്ചുകൊണ്ടു തന്നെ, ആക്ഷേപത്തിന് പാത്രമായ ഉത്തരവിനെ എന്തിന്റെയൊക്കെ അടിസ്ഥാനത്തിലാണ് എതിർത്തിരിക്കുന്നത് എന്ന് നോക്കാം.

എതിർവാദങ്ങൾ

16. ഹൈക്കോടതിയുടെ ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന് എതിരെ, ഡോ. എ.എം.സിങ്‌വി സീനിയർ അഭിഭാഷകൻ വാദിച്ചത് (i) CRZ വിജ്ഞാപനം 1991 പ്രകാരമുള്ള ലവണാംശം പരിശോധന ഒരിക്കലും നടത്താതെ, ഭൂമിയുടെ ലവണാംശം 5ppt എന്ന് പ്രസ്താവിച്ചു. ആയതിനാൽ, കടലിലെ വേലിയേറ്റം നേരിട്ട് ബാധിക്കുന്ന കായൽ നിലം എന്ന് കണക്കാക്കപ്പെട്ടു. (ii) അപ്പീൽവാദികളുടെ സ്ഥലത്തുള്ള ഫിൽട്രേഷൻ കുളങ്ങൾ നിലനിൽക്കുന്നു എന്നത്, CRZ I ന്റെ അന്തർലീന പ്രത്യേകതയെന്ന് കണ്ടെത്തിയെങ്കിൽ പോലും, മിക്കവാറുമുള്ള ഭൂപടങ്ങൾ കാണിക്കുന്നപോലെ തെങ്ങുതോട്ടങ്ങൾ അല്ലാതെയാണെന്നതിനാൽ ഫിൽട്രേഷൻ കുളവുമായി ചേർന്ന് നില്ക്കാനുമാകില്ല. (iii) കേരളം ഒഴിച്ച് ഒരു സംസ്ഥാനവും ശുദ്ധീകരണ കുളങ്ങൾ CRZ ന്റെ പ്രത്യേകതയായി ഉൾപ്പെടുത്തിയിട്ടില്ല, KCZMA യുടെ ശാസ്ത്രീയ ഉപകമ്മറ്റി ശുദ്ധീകരണ കുളങ്ങൾ നിർവ്വചിക്കുന്നതിനു പ്രത്യേകതകൾ കാണുന്നതിനും ഒരു ശാസ്ത്രീയ അടിത്തറയും

കണ്ടെത്തിയില്ല; (iv) CZMP- ൽ അടിസ്ഥാന തെറ്റുകൾ ഉണ്ട്, പരിതസ്ഥിതി വന മന്ത്രാലയം വിവിധ പിഴവുകൾ കാണിച്ചിട്ടും ഡോ. എം.എസ്.സ്വാമിനാഥൻ ഉൾപ്പെടുന്ന സമിതി പദ്ധതിയിൽ ആവർത്തിക്കപ്പെട്ട പിഴവുകൾ കണ്ടെത്തിയിട്ടും ആയത് പരിഹരിച്ചില്ല; (v) ഡോ. കെ.വി.തോമസിന്റെ സ്വയം കൃതവും അടിസ്ഥാനരഹികവുമായ വാദഗതി പ്രാവർത്തികമാക്കണമെന്ന് ഹൈക്കോടതി വിധിക്കേണ്ടിയിരുന്നില്ല, അദ്ദേഹത്തെ സ്വമേധയാ വിളിച്ച് ചോദ്യം ചെയ്യപ്പെടാനാകാത്ത സത്യമെന്ന പോലെ മൊഴികൾ രേഖപ്പെടുത്തിയതാണ്; (vi) പരിശോധനയ്ക്ക് ശേഷം HTL, LTL തിരിക്കണമെന്ന MOEF മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചില്ല, കേരള സംസ്ഥാനം മൈക്രോ ലെവൽ കാടസ്റ്റൽ ഭൂപടങ്ങൾ വരച്ചിട്ടുമില്ല (vii) CRZ IV-ൽ 'ചെറു ദ്വീപുകളുടെ' നിർവചനത്തിൽ അപ്പീൽവാദിയുടെ 5 ഹെക്ടർ ദ്വീപ് ഉൾപ്പെടുന്നതിനാൽ, ദ്വീപുകളെക്കുറിച്ച് പ്രത്യേക പഠനം തരംതിരിക്കൽ തീരുമാനിക്കുന്നതിന് മുമ്പ് നിർബന്ധമായിരുന്നു. ആയത് ചെയ്തിട്ടില്ല. (viii) തീർത്തും ദുർബലമായ തീരദേശ മേഖലയായി (CVCA) ദ്വീപിനെ തരംതിരിച്ചതിൽ പിഴവുള്ളതിനാൽ, CRZ 2011 പ്രകാരം MOEF ന്റെ വിജ്ഞാപനം ആവശ്യമില്ലാത്തതും നല്കിയിട്ടില്ലാത്തതും, CVCA കണ്ടെത്തുന്നതിനും പരസ്യപ്പെടുത്തുന്നതിനും പാലിക്കേണ്ട നിർബന്ധിത അനുവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ലാത്തതുമാണ്. (ix) വിവിധ അധികാരികളിൽ വിവിധങ്ങളായ അധികാരികളിൽ നിന്ന് അപ്പീൽവാദിക്ക് ലഭിച്ചിട്ടുള്ള പന്ത്രണ്ട് അനുവാദങ്ങൾക്കും 75% ത്തോളം പൂർത്തിയായ റിസോർട്ട് നിർമ്മാണത്തിനും ഹൈക്കോടതി വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല.

17. സ്വകാര്യ കക്ഷികൾക്ക് വേണ്ടി ഹാജരായ വിവരസ്ഥനായ സീനിയർ അഭിഭാഷകൻ സഞ്ജയ് പരീഖ്, KCZMA യ്ക്കും കേരള സംസ്ഥാനത്തിനും വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ പല്ലവി ഷിഷോടിയ എന്നിവർ കേസിന്റെ യോഗ്യതയെ സംബന്ധിച്ച് പ്രാഥമിക എതിർപ്പും വിശദമായ ചർച്ചയും നടത്തി. ഈ അപ്പീലുകളിൽ ചോദ്യം ചെയ്യപ്പെട്ട പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെറ്റിലതുരുത്ത് ദ്വീപുമായി ബന്ധപ്പെട്ട് ഈ കോടതിയുടെ വിധി സ്പെഷ്യൽ ലീവ് പെറ്റീഷനുകളാൽ തള്ളി യുക്തമായി അന്തിമ വിധിയായിട്ടുണ്ട്. അവർ വാദിച്ചത് MOEF 14.03.2017 തീയതി നല്കിയ വിജ്ഞാപനം (ക്രമവത്കരണത്തിനുള്ള പദ്ധതി എന്ന നിലയിൽ) സ്വീകരിക്കുവാൻ സമ്മതിക്കുകയും

പ്രസ്തുത വിജ്ഞാപനത്തിന് എതിരെ അപേക്ഷ വച്ചും അപ്പീൽവാദികൾക്ക് വിരുദ്ധമായി പറയാനാവില്ല. ഹൈക്കോടതിയുടെ ഉത്തരവ് യുക്തമെന്നും വാമിക ദ്വീപിൽ (മുകളിൽ പറഞ്ഞത്) എടുത്ത വിധിയിൽ നിന്ന് വ്യത്യസ്തമായി ഈ കോടതി വിധിക്കേണ്ടതില്ല എന്നുമാണ് അവർ വാദിച്ചത്.

18. എന്തായാലും, അപ്പീൽ വാദികളുടെ സീനിയർ അഭിഭാഷകൻ വാദിച്ചത് ഈ കോടതിയുടെ വിധി, വാമിക ഐലന്റ്-ൽ വെറ്റിലത്തുരുത്തുമായി ബന്ധപ്പെട്ട വസ്തുതകൾ മാത്രം എന്നും വെറ്റിലത്തുരുത്ത് ഐലന്റ്, നെടിയതുരുത്ത് ഐലന്റ് (നിലവിലുള്ള അപ്പീലുകളുമായി ബന്ധപ്പെട്ട്) വ്യത്യസ്ത പ്രത്യേകതകൾ ഉണ്ടെന്നും, നെടിയതുരുത്ത് ഐലന്റുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവിന്റെ ശരി സ്വതന്ത്രമായി കണക്കാക്കണം). അദ്ദേഹത്തെ സംബന്ധിച്ച് വ്യത്യസ്ത പ്രത്യേകതകൾ: (i) അപ്പീൽ വാദിയുടെ (വാമിക) കെട്ടിട അനുമതി നല്കിയത് 30.04.2012 നായതുകൊണ്ട് വെറ്റിലത്തുരുത്ത് വ്യക്തമായും CRZ 2011 വിജ്ഞാപനത്തിലുള്ളതാണ്; (ii) ലവണാംശം ഫിൽട്രേഷൻ കുളങ്ങൾ ബന്ധപ്പെട്ട തർക്കങ്ങൾ, ഡോ. കെ.വി.തോമസിന്റെ അഭിപ്രായത്തിൽ, കാടസ്ട്രൽ ഭൂപടത്തിന്റെ അഭാവം, മേഖല CVCA ആയി തിരിച്ചറിയുന്നത് വാമിക ഐലന്റ് വിധിയിൽ ഈ കോടതി പരിഗണിച്ചതും, വിധിയിൽ, രണ്ട് ഖണ്ഡികയിൽ, അടിസ്ഥാന വസ്തുതാവിഷയങ്ങൾ പരിഗണിച്ചിട്ടില്ല; (iii) വെറ്റിലത്തുരുത്ത് ഐലന്റിൽ നിലവിൽ കണ്ടലുകൾ ഉണ്ടെന്നും, നെടിയതുരുത്തുമായി ബന്ധപ്പെട്ട് അങ്ങനെ ഇല്ലാത്തതും, പ്രസക്തമായ വ്യത്യാസമാണ്; (iv) വെറ്റിലത്തുരുത്ത് നിന്നും അപ്പീൽ വാദിയുടെ ഭൂമിയിലേക്ക് കായലുകളിലൂടെ ഉള്ള ദൂരം 4.3 കിലോമീറ്ററുകളും, വെറ്റിലത്തുരുത്ത് ഭൂപടം 32 എ-ൽ കാണുന്നതുപോലെ നെടിയതുരുത്തിനേക്കാളും അറബിക്കടലിനോട് അടുത്തും ആണ്; (v) അപ്പീൽവാദിക്ക് കെട്ടിട അനുമതി നല്കിയത് 10.10.2007 ന്, CRZ 2011 നല്കുന്നതിന് വളരെ മുൻപ്; (vi) KCZMP 2018 കരട്, KCZMP 2009 പ്രസക്ത ഭൂപടം വ്യക്തമാക്കുന്നത് വെറ്റിലത്തുരുത്ത് വേലിയേറ്റത്താൽ നേരിട്ട് ബാധിതമായി എന്നും നെടിയതുരുത്തിൽ ഇല്ലാത്തതും ഇന്റർ-റ്റൈടൽ മേഖലയായി കാണിച്ചിട്ടുള്ളതുമാണ് എന്നാണ്; (vii) ഐലന്റിനെക്കുറിച്ചുള്ള പ്രത്യേക പഠനങ്ങളും / ചെറു ഐലന്റുകളുടെ വിഷയം വാമിക ഐലന്റിൽ പരിഗണിച്ചിട്ടില്ലാത്തതും ശ്രദ്ധേയമായ പ്രത്യേകതയുമാണ്.

പ്രാഥമിക വിഷയം - വാമിക ഐലന്റിലെ വിധി വ്യത്യസ്തമാണോ

19. എതിരാളി തർക്കങ്ങളുടെ കാഴ്ചപ്പാടിൽ, പ്രാഥമിക വിഷയം പരിഗണിക്കേണ്ടത് ഞങ്ങളുടെ ആവശ്യമാണ്. വാമിക ഐലന്റ് വിധി ഞങ്ങളുടെ മുൻപിൽ പുന:പരിശോധനയ്ക്കില്ല എന്ന വസ്തുത മനസ്സിലാക്കിയതിനാലാണ്. അവിടെ പ്രകടിപ്പിച്ച കാഴ്ചപ്പാടിന്റെ ശരി, സംശയിക്കുകയും ഞങ്ങൾക്ക് പരാമർശം നല്കുകയുമുണ്ടായി. ആയതിനാൽ, 2 സെറ്റ് കേസുകൾ തമ്മിലുള്ള ചെറിയ വ്യത്യാസങ്ങൾ കണ്ടെത്തുന്നതിന് വലിയ കണ്ണട ഉപയോഗിച്ച് ഗവേഷണം നടത്തേണ്ടത് ഞങ്ങളുടെ പ്രവർത്തനമല്ല. ഞങ്ങളുടെ പ്രവർത്തനം ഇരു കേസുകളിലും മേജറായ വിഷയങ്ങൾ ഒരു പോലെയാണോ എന്ന് കണ്ടെത്തുക മാത്രമാണ്. ഉത്തരം, അതെ എന്നാണെങ്കിൽ, അപ്പീലുകൾ തള്ളി കളയണം. അല്ല എന്നാണെങ്കിൽ, വാദങ്ങൾ പരിഗണിക്കേണ്ടത് വാമികയുടെ തീരുമാനം കണക്കാക്കാതെയാവണം. ആയതിനാൽ, കേസുകളിലുള്ള വിഷയങ്ങൾ ഹൈക്കോടതി പരിഗണിച്ചതും ഹൈക്കോടതി എങ്ങനെ അവയ്ക്ക് ഉത്തരം നല്കിയെന്നും കാണാം.

ഹൈക്കോടതി പരിഗണിച്ച വിഷയങ്ങൾ

20. ഹൈക്കോടതി, ചോദ്യം ചെയ്ത വിധിയിൽ, വിഷയങ്ങളെ പരിഗണിക്കുന്നതിനായി 2 ഭാഗങ്ങളായി തിരിച്ചു. ഒന്നാമത് വെറ്റിലത്തുരുത്ത്, നെടിയതുരുത്ത് വിഷയങ്ങൾക്ക് പൊതുവായും അടുത്തത് ഓരോന്നുമായി പ്രത്യേകം ബന്ധപ്പെട്ട വിഷയങ്ങൾക്കുമായി ഹൈക്കോടതി പരിഗണനയ്ക്കായി എടുത്തത്, വിധിയിലെ ഖണ്ഡിക 31 മുതൽ, ഇരു ഐലന്റുകളിലുമുള്ള പൊതു വിഷയങ്ങളാണ്. പൊതു വിഷയങ്ങൾ പരിഗണിക്കുകയും ഉത്തരം പറയുകയും ചെയ്തശേഷം, ഖണ്ഡിക 31 മുതൽ, ഖണ്ഡിക 85 വരെ, ഹൈക്കോടതി പ്രത്യേകം പരിഗണിച്ചത് (i) ഖണ്ഡിക 86 ൽ വാദി നടത്തിയ കടന്നു കയറ്റ വിഷയം (ii) വാദിയ്ക്ക് എതിരെ രണ്ട് പ്രത്യേക റിട്ട് ഹരജികളിൽ തദ്ദേശ മത്സ്യതൊഴിലാളികളും ട്രേഡ് യൂണിയനും ആവശ്യപ്പെട്ട ചില പ്രത്യേക പരിഹാരങ്ങളുമായി ബന്ധപ്പെട്ട വിഷയം ഖണ്ഡികകൾ 87 മുതൽ 89 വരെയുള്ള വിഷയങ്ങൾ അതിനുശേഷം, ഹൈക്കോടതി മറ്റ് വിഷയങ്ങൾ പരിഗണിച്ചു.

21. ചുരുക്കത്തിൽ, രണ്ട് ഐലൻ്റുകളുമായി ബന്ധപ്പെട്ട് ഹൈക്കോടതി രൂപീകരിച്ച പൊതു വിഷയങ്ങൾ:

(a) കേരളത്തിലെ കായലുകളിലെ ഐലൻ്റുകൾ 1991 CRZ വിജ്ഞാപനത്തിലുണ്ടോ 2002-ൽ ഉള്ള ഭേദഗതി പ്രകാരം സലൈനിറ്റി പരിശോധന നടത്താതിരുന്നത്, KCZMA യുടെ നിലപാടിന് വിരുദ്ധമാണോ?

(b) ഐലൻ്റുകൾ CRZ IV പരിധിയിലാണോ, വസ്തു അവകാശങ്ങളും ലജിറ്റിമേറ്റ് എക്സ്പെക്ടേഷൻ തത്വവും അവയെ എങ്ങനെ ബാധിക്കുന്നു?

(c) ഫിൽട്രേഷൻ കുളമായി ഐലൻ്റ് തിരിച്ചറിയുന്നത് സാറ്റലൈറ്റ് പടങ്ങൾ ഉപയോഗിച്ച് സ്കെയിൽ 1:12,500 ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ വരച്ചതും, ഫീൽഡ് പരിശോധന കൂടാതെ, ശരിയാണോ?

(d) എസ്.ജഗനാഥ് v. യൂണിയൻ ഓഫ് ഇന്ത്യ (മുകളിൽ പറഞ്ഞത്) കോടതി വിധി പ്രകാരം ഫിൽട്രേഷൻ കുളങ്ങൾ ന്യൂനതയാണോ?

(e) മേഖലകളെ ഫിൽട്രേഷൻ കുളങ്ങളായി തിരിക്കുന്നതിന് വിശ്വസിക്കാവുന്ന എന്തെങ്കിലും വസ്തുതയുണ്ടോ?

(f) ഐലൻ്റ് പ്രത്യേക പഠനം ആവശ്യമുണ്ടോ?

(g) കാടസ്ട്രൽ ഭൂപടം നിർബന്ധമാണോ, അവയുടെ അഭാവം ന്യൂനതയാണോ?

ഈ വിഷയങ്ങളിലുള്ള പ്രസ്താവനകൾ അപ്പീൽവാദികൾക്കും വെറ്റിലത്തുരുത്ത് ഐലൻ്റ് പദ്ധതിയെ അനുകൂലിക്കുന്നവർക്കും എതിരാണ്. മുകളിലുള്ള ഖണ്ഡിക 13-ൽ ഹൈക്കോടതിയുടെ പ്രസ്താവനകളുടെ സംക്ഷിപ്തം ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

22. മറ്റെവിടെയോ കാണിച്ചതു പ്രകാരം, ഏഴ് വ്യത്യസ്ത പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ വാമിക ഐലൻ്റ് വിധി വേർതിരിക്കേണ്ടതുണ്ട്. അതിൽ ചിലത്, അപ്പീൽ വാദികളെ സംബന്ധിച്ച്, വാമിക ഐലൻ്റ് വിധിയിൽ വരാത്തവയും, വെറും പരാമർശങ്ങളുമാണ് സീനിയർ അഭിഭാഷകൻ ഡോ. സിങ്‌വിയെ സംബന്ധിച്ച്, സലൈനിറ്റി, ഫിൽസ്ട്രേഷൻ കുളങ്ങൾ സംബന്ധിച്ചുള്ള വിഷയങ്ങൾ. ഡോ. കെ.വി.തോമസിൻ്റെ അഭിപ്രായത്തിൽ, കാടസ്ട്രൽ ഭൂപടത്തിൻ്റെ അഭാവവും, മേഖല CUCA ആയി കായൽ തിരിച്ചറിയുന്നത്, വാമിക ഐലൻ്റ് വിധിയിൽ, ഖണ്ഡിക 23, 24 – ൽ എല്ലാം

പറഞ്ഞിട്ടുണ്ടെങ്കിലും വെറും പരാമർശങ്ങൾ മാത്രമാണ്. വാമിക ഐലന്റ്-ൽ ഈ കോടതിയുടെ വിധിയിലെ ഈ രണ്ട് ഖണ്ഡികകൾ, കാരണങ്ങൾ കൂടാതെ ഈ വിഷയങ്ങൾ ചുരുക്കത്തിൽ തീരുമാനിക്കുവാൻ ആവശ്യപ്പെടുകയും, ആയതിനാൽ, നെടിയതുരുത്ത് ഐലന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ തീരുമാനിക്കുവാൻ ഈ കോടതി പര്യാപ്തമാണെന്നാണ് അദ്ദേഹത്തിന്റെ വാദം.

വാദം യുക്തമാണോ എന്ന് പരിശോധിക്കാം .

23. കുഞ്ഞയമ്മത് v. സ്റ്റേറ്റ് ഓഫ് കേരള[3] – ൽ ഈ കോടതി കാണിച്ചതുപോലെ, കാരണം കാണിക്കാതെ നോൺ സ്പീക്കിങ്ങ് ഉത്തരവിനാൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ തള്ളിയതും കാരണം കാണിച്ചുള്ള അല്ലെങ്കിൽ സ്പീക്കിങ്ങ് ഉത്തരവിനാൽ സ്പെഷ്യൽ ലീവ് പെറ്റിഷൻ തള്ളിയതും തമ്മിൽ വ്യത്യാസമുണ്ട്. രണ്ട് കേസുകളിലും, മെർജർ തത്വം ബാധകമാകില്ല. എന്നാൽ മറ്റ് തരത്തിൽപ്പെടുന്ന കേസുകളിൽ കോടതി കാണിച്ചിട്ടുള്ള കാരണങ്ങൾ നിയമസംബന്ധമായ വസ്തുതയാണ് പ്രസ്താവിച്ചതെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 141 ന്റെ പ്രായോഗികതയിൽ ഉൾപ്പെടും. സുപ്രീംകോടതിയുടെ ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നത് (ലീവ് അനുവദിക്കുന്നതിന് മുമ്പ്) സുപ്രീംകോടതിയുടെ വിധിയിൽ രേഖപ്പെടുത്തിയാൽ, നിയമ പ്രഖ്യാപനം അല്ലാത്തത്, രേഖപ്പെടുത്തിയ വിധി കക്ഷികൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ. മറ്റ് പല വിധികളിലും പ്രകടിപ്പിച്ച കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാണ് കുഞ്ഞയമ്മതിൽ പ്രസ്താവിച്ചത്. എങ്കിലും (അബായി മലിഗയി പാർട്ടനർഷിപ്പ് ഫേമ് v. കെ. ശാന്തകുമാരൻ[4]), ആധികാരികമായ വിധിയ്ക്കായി വിഷയം ലാർജർ ബെഞ്ചിന് പരാമർശിക്കുകയും, ഈ കോടതി കോടേയ് ഡിസ്റ്റലറീസ് ലിമിറ്റഡ് v. ശ്രീ മഹാദേശ്വര സഹകാര[5], അതായത് കുഞ്ഞയമ്മത് ശരിയായ നിയമം പ്രതിപാദിക്കുന്നു.

24. വാമിക ഐലന്റ് തീരുമാനം സ്പെഷ്യൽ ലീവ് പെറ്റിഷനുകളുടെ സമയത്താണ് എന്ന ശരിയിൽ തർക്കമില്ല. ഈ കോടതി ലീവ് വ്യക്തമായി നിഷേധിച്ചു, എന്നാൽ കോടതിയുടെ പ്രസ്താവനകൾ സാധൂകരിക്കുകയും, വിശദമായ കാരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. വാമിക ഐലന്റ് ഖണ്ഡികകൾ 27, 28 പ്രസ്താവിച്ച അഭിപ്രായം ഞങ്ങളുടെ മുമ്പിലുള്ള അപ്പീൽവാദികളെ പോലും രക്ഷപ്പെടുവാൻ അനുവദിക്കുന്നില്ല. വാമിക ഐലന്റിലെ തീരുമാനം ഖണ്ഡികകൾ 27, 28 പ്രകാരം താഴെ പറയുന്നു:

“27. ഞങ്ങൾ കണക്കാക്കുന്നത് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് ഹൈക്കോടതി നല്കിയിരിക്കുന്നത് പൊതു നന്മയും പരിതസ്ഥിതി മേഖലയായ വേമ്പനാട്ട് കായൽ സംരക്ഷിക്കുന്നത് പരിഗണിച്ചാണ്, ദേശീയവും അന്തർദേശീയവും അപ്രകാരം പ്രഖ്യാപിച്ചത്. മനുഷ്യരുടെ ഇടപെടൽ കൂടുന്നതിനാൽ നിലവിൽ വേമ്പനാട്ട് കായൽ കൂടുതൽ പരിതസ്ഥിതി ശോഷണം ഉണ്ടാക്കുന്നു, കായലിന്റെ സാമൂഹിക – സാമ്പത്തിക പ്രാധാന്യം അംഗീകരിച്ചുകൊണ്ട്, അവ "സംരക്ഷിക്കപ്പെടേണ്ട ദുർബലമായ തണ്ണീർത്തടങ്ങൾ" നിലവിൽ പട്ടികയിൽ ചേർക്കുകയും CVCA ആയി പ്രഖ്യാപിക്കുകയും ചെയ്തു. മുകളിൽ പ്രസ്താവിച്ചത് അനുസരിച്ച് പൂർണ്ണമായും കൃത്യമാണ് ഹൈക്കോടതി നല്കിയ ഉത്തരവുകൾ എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

28. കൂടാതെ, 1991, 2011 CRZ വിജ്ഞാപനം നിലവിൽ ഇരിക്കെ നിയമപരമല്ലാത്ത നിർമ്മാണങ്ങൾ പൊളിക്കണമെന്ന ഹൈക്കോടതി നല്കിയ ഉത്തരവുകൾ പൈടാടേ ഫിലോമിന ഗോൺസാല്വസ് v. സ്റ്റേറ്റ് ഓഫ് ഗോവ (2004) 3 എസ്.സി.സി 445-ൽ ഈ കോടതിയുടെ വിധിക്കനുസരിച്ചാണ്, ആയതിനാൽ ഈ കോടതി പ്രസ്താവിച്ചിരിക്കുന്നത് പ്രസ്തുത വിജ്ഞാപനങ്ങൾ നല്കിയിരിക്കുന്നത് പരിതസ്ഥിതി തീരമേഖല സംരക്ഷിക്കുന്നതിന്റെ താല്പര്യത്തിനെന്നും, പ്രസ്തുത ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണം ലഘുവായി കാണാനാവില്ല.”

25. മറ്റ് ഖണ്ഡികകളിൽ ഈ കോടതി രേഖപ്പെടുത്തിയ പ്രസ്താവനകളിൽ നിന്നും വാദികൾക്ക് പിൻമാറാനാവില്ല. പൊതു വിഷയങ്ങളിൽ അപ്പീൽവാദികളെ സംബന്ധിച്ച്, ചില പൊതു വിഷയങ്ങൾ, അതായത് സലൈനിറ്റി, ഫിൽട്രേഷൻ കുളങ്ങൾ, കാടസ്റ്റൽ ഭൂപടങ്ങൾ, CVCA തുടങ്ങിയവ റിപ്പോർട്ട് ചെയ്ത വിധിയുടെ ഖണ്ഡികകൾ 23, 24-ൽ ഈ കോടതി പരിഗണിച്ചിട്ടുണ്ട്. ഈ പൊതു വിഷയങ്ങൾ, ഈ കോടതിയുടെ വിധിയിൽ പരിഗണിച്ചിട്ടുണ്ട്. ആയതിനാൽ, വീണ്ടും ചോദ്യം ചെയ്യാമെന്നത് സ്വീകരിക്കാനാവില്ല.

26. ഹൈക്കോടതി അല്ലെങ്കിൽ സബോഡിനേറ്റ് കോടതി നല്കിയ വിശദമായ കാരണങ്ങൾ, ഈ കോടതി സ്വീകരിച്ചാൽ, പ്രത്യേകമായി, വെറുതെ അല്ലെങ്കിൽ വിശദമായി പറഞ്ഞോ, എന്ന് പരിശോധിക്കുന്നതിന് ചോദ്യം ഉണ്ടാകില്ല. അങ്ങനെയുള്ള പ്രവർത്തനം തീരുമാനം പുന: പരിശോധിക്കുന്നതിന് തുല്യമാണ്.

27. രണ്ട് ഐലന്റുകൾക്കും പൊതുവായി ഹൈക്കോടതി പരിഗണിച്ച ഓരോ പ്രത്യേക വിഷയം വാമിക ഐലന്റ്-ൽ ഈ കോടതി പരിഗണിച്ച് വിധി രേഖപ്പെടുത്തി. പ്രത്യേകമായി -

(i) CZMP യുടെ ഭൂപടം നമ്പർ 32 എ, 1991, 2011 CRZ ലംഘിച്ചാണോ നിർമ്മാണം നടത്തിയത് എന്നതിനുള്ള സാങ്കേതികങ്ങൾ, ഈ കോടതി ഖണ്ഡിക 25 ൽ കാണുകയും, പിഴവുകൾ ഇല്ലാത്തതുമാണ്.

(ii) KCZMP ഈ കോടതി പ്രസ്താവിച്ചത് വാമികയിൽ ഖണ്ഡിക 23 ൽ MOEF ന്റെ നിർദ്ദേശങ്ങൾ അനിസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്, സർവ്വെ ഓഫ് ഇന്ത്യ (ഭാരത സർക്കാർ) തയ്യാറാക്കിയ ഭൂപടങ്ങൾ പരിഗണിച്ചും കേരള സർക്കാരിന്റെ സർവ്വെ വകുപ്പ് തയ്യാറാക്കിയ കാടസ്റ്റൽ ഭൂപടങ്ങൾ ഉപയോഗിച്ചുമാണ്.

(iii) LTL, HTL ഇടയ്ക്കുള്ള മേഖലയും CRZ I ആണെന്നും ഫിൽസ്റ്റേഷൻ കുളങ്ങൾ ആഴമില്ലാത്തവയാണെന്നും ആയതിനാൽ വിജ്ഞാപനം പ്രകാരം CRZ I ൽ ഉൾപ്പെടുമെന്നും ഖണ്ഡിക 23 ൽ പറഞ്ഞിട്ടുണ്ട്.

(iv) ഖണ്ഡിക 24 ൽ, ഈ കോടതി പ്രത്യേകമായി ഹൈക്കോടതിയുടെ കാഴ്ചപ്പാടുമായി അനുകൂലിക്കുകയും അതായത് ഐലന്റുകൾ നദികളുടെ തീര വിപുലീകരിണമെന്നും അല്ലെങ്കിൽ കായലുകൾ അല്ലെങ്കിൽ കായലുകളായ ഐലന്റുകൾ വ്യക്തമായി CRZ I ഉൾപ്പെടുന്നതാണെന്നും CRZ III അല്ലെങ്കിൽ CRZ IV ഉൾപ്പെടുന്നില്ലെന്നും.

(v) ഈ കോടതി ഖണ്ഡിക 24-ൽ ഹൈക്കോടതിയുടെ കാഴ്ചപ്പാട് അംഗീകരിക്കുകയും അതായത് 2002-ൽ സലൈനിറ്റി പരിശോധന ചേർക്കുന്നതിന് മുമ്പ്, ആയിരം ഭാഗങ്ങളിൽ ഒന്ന് സ്റ്റാർറ്റേർഡ് അളവുകളിൽ 5 ppt അടിസ്ഥാനത്തിലുണ്ട് എന്ന് പരിശോധനയിൽ വിശ്വസിച്ചു.

28. അവരുടെ കേസും വെറ്റിലതുരുത്തുമായി ബന്ധപ്പെട്ട കേസിലും അപ്പീൽവാദികൾ നടത്തിയ ആദ്യത്തെ വ്യത്യാസം കാണിച്ചത് 2011 വിജ്ഞാപനത്തിന് ശേഷമാണ്

വാമികയിൽ കെട്ടിട അനുമതി നല്കിയത് എന്നാണ്. എന്നാൽ ഈ വ്യത്യാസം അപ്പീൽ വാദികളെ രക്ഷിക്കുകയില്ല എന്നും, 1991 വിജ്ഞാപനം പ്രകാരം CRZ I പ്രകാരം തരംതിരിക്കുന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ആയത് ഈ കോടതി പ്രസ്താവിക്കുകയും ആയതിനാലാണ് ഈ കോടതി വെറ്റിലതുരുത്തിൽ നടത്തിട നിർമ്മാണം 1991, 2011 വിജ്ഞാപനങ്ങൾ പ്രകാരം രണ്ട് വിജ്ഞാപനങ്ങളും ലംഘിക്കപ്പെട്ടുവെന്നും (വാമിക ഐലന്റിലെ ഖണ്ഡിക 24).

29. എങ്ങനെ ആയാലും 02.08.1996 അപ്പീൽവാദികൾക്ക് NOC ലഭിച്ചു. 10.10.2007 – ൽ കെട്ടിട അനുമതി ലഭിച്ചു. വാമിക ഐലന്റ് വിധിയിലെ ഖണ്ഡിക 26-ൽ, ഈ കോടതി രേഖപ്പെടുത്തിയ വസ്തുത 07.03.1995, 17.07.1996 കത്തുകൾ വഴി ഡയറക്ടർ ഓഫ് പഞ്ചായത്തുകൾ CRZ വിജ്ഞാപനത്തിലെ നിബന്ധനകൾ കർക്കശമായി തുടരുവാൻ എല്ലാ പഞ്ചായത്തുകളെയും നിർദ്ദേശിക്കുകയും അനുമതി നല്കിയപ്പോൾ ലംഘിച്ചതായി കണ്ടു. ഈ പ്രസ്താവന വാദത്തിന് എതിരായി, അതായത് അപ്പീൽവാദിയുടെ പെർമിറ്റ ബാധിക്കുകയില്ല. ആയത് 2011 വിജ്ഞാപനത്തിന് മുൻപായതിനാൽ 07.03.1995, 17.07.1996 തീയതിയുള്ള ഡയറക്ടർ ഓഫ് പഞ്ചായത്തുകളുടെ കത്തുകളുടെ അടിസ്ഥാനത്തിൽ, എല്ലാ പഞ്ചായത്തുകളെയും സംബോധന ചെയ്ത്, CRZ വിജ്ഞാപനത്തിലെ വകുപ്പുകൾ അനുസരിക്കുവാൻ അവരെ നിർദ്ദേശിച്ചു. 02.08.1996 ന്റെയും 10.10.2007 നു അപ്പീൽവാദികൾക്ക് ലഭിച്ച NOC, കെട്ടിട അനുമതി വ്യക്തമായും നിയമപരമല്ല.

30. വെറ്റിലതുരുത്ത് നെടിയതുരുത്ത് ഐലന്റുകൾ വേമ്പനാട് കായലിൽ ഉള്ള കായൽ ഐലന്റുകളാണ്. വാമിക ഐലന്റ് വിധിയിലെ ഖണ്ഡിക 27-ൽ, വേമ്പനാട് കായൽ പരിതസ്ഥിതി ദുർബല മേഖല ആണെന്നാണ് ഈ കോടതി കാണിച്ചിരിക്കുന്നത്. ഈ ജലാശയത്തിന്റെ സാമൂഹിക-സാമ്പത്തിക പ്രാധാന്യം പരിഗണിച്ച്, "സംരക്ഷിക്കേണ്ട ദുർബലമായ തണ്ണീർത്തടങ്ങൾ" പട്ടികയിലുൾപ്പെടുത്തുകയും CVCA ആയി പ്രഖ്യാപിക്കുകയും ചെയ്തു. വെറ്റിലതുരുത്ത് ഐലന്റ് മാത്രം ഈ പ്രസ്താവന ബാധകമാകുമെന്ന് ഞങ്ങൾക്ക് അറിയില്ല.

31. അപ്പീൽവാദികളെ സംബന്ധിച്ച്, CRZ 2011 നിർദ്ദേശിക്കുന്നത് CVCA തിരിച്ചറിയുന്നതിനും ആസൂത്രണത്തിനും, നടപ്പാക്കുന്നതിനുമുള്ള നടപടിക്രമമാണ്.

തുടങ്ങുന്നതിന്, MOEF നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതാണ് ബന്ധപ്പെട്ട വാദികളെ സംബന്ധിച്ച് തദ്ദേശ മത്സ്യതൊഴിലാളികളെയും മറ്റ് സമൂഹങ്ങളെയും ബന്ധപ്പെട്ട പ്രക്രിയയിൽ, തിരിച്ചറിയുന്നതിനുള്ള പ്രക്രിയ, CVCA യുടെ ആസൂത്രണം ഇന്റഗ്രേറ്റട് മാനേജ്മെന്റ് പ്ലാൻ തയ്യാറെടുക്കുന്നതിനുള്ള പ്രക്രിയ തുടങ്ങിയവ പോലും നടത്തിയിട്ടില്ലാത്തതും, ആയതിനാൽ വേമ്പനാട് കായൽ CRZ 2011 വിജ്ഞാപനത്തിൽ ഖണ്ഡിക 8(v)(4)(b)-ൽ CVCA ആയി ഉൾപ്പെടുത്തിയിട്ടുള്ളതും, പരസ്യപ്പെടുത്തിയ CVCA ആയി കണക്കാക്കാൻ പാടില്ലാത്തതുമാണ്.

32. വിധിയുടെ ഖണ്ഡിക 120.122 മുകളിലുള്ള വാദങ്ങൾ ഹൈക്കോടതി പരിഗണിച്ചിട്ടുണ്ട്. വിധിയുടെ ഖണ്ഡിക 121-ൽ ഹൈക്കോടതി പ്രത്യേക പ്രസ്താവന രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് വേമ്പനാട്ട് കായൽ മുഴുവനായും CVCA ആയി ഉൾപ്പെടുത്തിയാൽ, നടപടിയ്ക്ക് വിധേയമായി, പരിതസ്ഥിതി ദുർബല മേഖലയായി കണക്കാക്കേണ്ടതിന് കോടതി അഭിപ്രായം രൂപീകരിക്കേണ്ടതിനാലാണ് CVCA. ഈ പ്രസ്താവനയുടെ പ്രത്യേക പരാമർശത്തിനായി ഈ കോടതി വാമിക ഐലന്റ് ഖണ്ഡിക 27-ൽ പ്രസ്താവിച്ചത് വേമ്പനാട്ട് കായൽ മുഴുവനായും CVCA ആയി കാണേണ്ടതാണ് എന്നാണ്.

33. രണ്ട് ഐലന്റുകൾക്കും പൊതുവായ പ്രധാന വിഷയങ്ങൾ ഈ ഹൈക്കോടതി പൊതുവായി പരിഗണിക്കുകയും, യുക്തമായ ഉത്തരവിലൂടെ ഈ കോടതിയുടെ അനുമതി ലഭിക്കുകയും, വിധിയിൽ പ്രത്യേകമായി പറഞ്ഞിട്ടില്ലാത്ത ചെറിയ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ അവ വീണ്ടും പരിഗണിക്കേണ്ട ആവശ്യമില്ല. ആയതിനാൽ, അപ്പീൽവാദികൾ വാദിച്ച വ്യത്യാസങ്ങൾ യുക്തമല്ലെന്ന് ഞങ്ങൾ പ്രസ്താവിക്കുന്നു. ആയതിനാൽ, ഈ കോടതി പരിഗണിച്ച വിഷയങ്ങൾ വീണ്ടും പരിഗണിക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല.

<u>പകരമുള്ള വാദങ്ങൾ</u>

34. ഡോ. എ.എം.സിങ്‌വി, അപ്പീൽവാദികളുടെ സീനിയർ അഭിഭാഷകൻ, മുൻവിധി കൂടാതെ രണ്ട് പകരമുള്ള വാദങ്ങൾ നടത്തി. ആദ്യത്തേത് 14.03.2017 ലെ വിജ്ഞാപനം വഴി, നിയമപരമായ നിബന്ധനകൾ പ്രാവർത്തികമാക്കാതെ വിപുലീകരിക്കുന്നവർക്ക് അവസരത്തോടൊപ്പം സ്ഥിരം നിയമനത്തിനുള്ള വഴിയുമാണ്. അദ്ദേഹത്തെ സംബന്ധിച്ച്

അപ്പീൽവാദികൾ ഈ അവസരം ഉപയോഗിക്കുകയും പരാമർശ നിബന്ധനകൾ 05.04.2018 നല്കി. 07.07.2018 കൂടിയ യോഗത്തിൽ വാദിയുടെ അപേക്ഷ KCZMA പരിഗണിക്കുകയും MOEF നെ കേസുകളുടെ മുഴുവൻ വിവരങ്ങളും അറിയിക്കുവാൻ തീരുമാനമെടുത്തു. ആയതിനാൽ, സീനിയർ, അഭിഭാഷകൻ വാദിച്ചത് അപ്പീൽ വാദികൾക്ക് പ്രസ്തുത വിജ്ഞാപനത്തിന്റെ ആനുകൂല്യമെങ്കിലും നല്കണമെന്നാണ്.

35. 14.03.2017 തീയതി വിജ്ഞാപനം ഞങ്ങൾ പരിശോധിച്ചു. പ്രസ്തുത വിജ്ഞാപനത്തിന്റെ പ്രാഥമിക ലക്ഷ്യം മനസ്സിലാകുന്നത് പരിതസ്ഥിതി ക്ലിയറൻസ് ലഭിക്കാതെ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കുന്നത് എങ്ങനെ പരിഗണിക്കണമെന്ന വിഷയമാണ്. EIA വിജ്ഞാപനം 2006 പ്രകാരം പാരിസ്ഥിതിക ക്ലിയറൻസിന് മുമ്പ് പദ്ധതികളും പ്രവർത്തനങ്ങളും പ്രഖ്യാപിക്കുന്നതാണ് വിജ്ഞാപനം, എന്നാൽ നടപ്പാക്കിയത് പ്രസ്തുത ക്ലിയറൻസ് ലഭിക്കാതെയാണ്, EIA വിജ്ഞാപനം 2006 ലംഘിച്ച കേസുകളായി, ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം ലഭ്യമാകുന്നതിന് ലംഘിച്ചവർക്ക് ഒരവസരം നല്കുന്നു. വിജ്ഞാപന തീയതി CRZ വിജ്ഞാപനവുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നില്ല. ആയതിനാൽ, പ്രസ്തുത വിജ്ഞാപനം പ്രകാരം അപ്പീൽവാദികളുടെ അപേക്ഷയിൽ ഞങ്ങൾക്ക് ഒന്നും പറയാനില്ല. എന്തായാലും, ഞങ്ങളുടെ മുമ്പിൽ ഉന്നയിച്ചിട്ടുള്ളവയിൽ നിന്നും വിഷയം ഉണ്ടാകുന്നില്ല.

36. അപ്പീൽവാദികളുടെ മുൻവിധികൂടാതെയുള്ള രണ്ടാമത്തെ അപേക്ഷ, 18.01.2019 ന് പുറപ്പെടുവിച്ച CRZ വിജ്ഞാപനം 2019 ന്റെ അടിസ്ഥാനത്തിലാണ്. അപ്പീൽവാദികളുടെ സീനിയർ അഭിഭാഷകനെ സംബന്ധിച്ച് 2019 ലെ വിജ്ഞാപനം HTL ൽ നിന്നും 20 മീറ്റർ വരെയുള്ള നിർമ്മാണവും പ്രവർത്തനവും അനുവദിക്കുന്നു. അപ്പീൽവാദികളെ സംബന്ധിച്ച്, അവർ രൂപപ്പെടുത്തിയ എല്ലാ നിർമ്മാണങ്ങളും ഇപ്പോൾ നീക്കുകയാണെങ്കിലും നിലവിലെ 60 ശതമാനം മേഖലയിൽ നിലനിൽക്കുന്ന നിർമ്മിതികളും അപ്പീൽവാദികൾക്ക് വീണ്ടും പണിയുവാൻ അർഹത ലഭിക്കുക തന്നെ ചെയ്യും.

37. മുകളിൽ പറഞ്ഞ വാദത്തിന് പ്രസക്തിയില്ല. CRZ 2019 വിജ്ഞാപനത്തിന്റെ ഖണ്ഡിക 10.2 പ്രസ്താവിക്കുന്നത് തീരദേശത്തെ കായലുകളിലെ എല്ലാ ഐലന്റുകളും തീരദേശമല്ലാത്ത ഐലന്റുകളും വിജ്ഞാപനത്തിൽ ഉൾപ്പെടുന്നു. ഇത് തുടർന്നും

പ്രസ്താവിക്കുന്നത് കായൽ ദ്വീപുകളുടെ തിരദേശ സംവിധാനത്തിന്റെയും തീരദേശമല്ലാത്ത ദ്വീപുകളുടെയും കാഴ്ചപ്പാടിൽ, പ്രസ്തുത തീരവിപുലീകരണത്തിലുള്ള സ്ഥല പരിമിതികളിൽ, HTL ൽ നിന്നും 20 മീറ്റർ CRZ ഭൂപ്രദേശത്തേയ്ക്ക് ഒരേ രീതി ബാധകമാണ്. എന്തായാലും, ഖണ്ഡിക 10.2 (ii) പ്രസ്താവിക്കുന്നത് പ്രസ്തുത പ്രവർത്തനങ്ങൾ താഴെ പറയും വിധമാണ് നിയന്ത്രിക്കപ്പെടേണ്ടത് എന്നാണ് (a) തദ്ദേശ സമൂഹങ്ങളിലെ നിലവിലുള്ള താമസ യൂണിറ്റുകൾ റിപ്പയർ ചെയ്യാവുന്നതും അല്ലെങ്കിൽ ഈ ദ്വീപുകളിൽ നിന്നും HTL ലെ 20 മീറ്ററുകൾക്കകം പുനർനിർമ്മാണം ചെയ്യാവുന്നതുമാണ്. എന്നാൽ ഈ മേഖലയിൽ ഒരു പുതിയ നിർമ്മാണവും അനുവദിക്കുന്നതല്ല; (b) ഫിഷിങ്ങ് ജെട്ടി, മത്സ്യം ഉണക്കുന്നതിനുള്ള യാഡുകൾ, നെറ്റ് മെൺഡിങ്ങ് യാഡ്, പാരമ്പര്യ രീതികളിലുള്ള നടപടി, ബോട്ട് ഉണ്ടാക്കുന്ന യാഡുകൾ ഐസ് പ്ലാന്റ്, ബോട്ട് റിപ്പയറുകൾ, എന്നിവ പരിതസ്ഥിതി സംരക്ഷണത്തിന് വിധേയമായി CRZ പരിമിതികളിൽ കണക്കാക്കാവുന്നതാണ്.

38. ആയതിനാൽ, HTL ൽ നിന്നും 20 മീറ്ററുകൾ ദൂരത്തിൽ നിന്നുള്ള കുറവ് അപ്പീൽവാദികളെ പോലെ ഉള്ളവർക്ക് ആനുകൂല്യം നല്കാനല്ല. കൂടാതെ, CRZ 2019 വിജ്ഞാപനം വേമ്പനാട് കായലിനെ CVCA തരത്തിൽ ഖണ്ഡിക 3.1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു മറ്റൊരു അർത്ഥത്തിൽ. 2011, 2019 വിജ്ഞാപനങ്ങൾ തമ്മിൽ CVCA കൾ സംബന്ധിച്ച് നല്ല വ്യത്യാസമുണ്ട്. ഇത് ചുരുക്കത്തിൽ താഴെ പറയുംവിധമാണ്.

(i) CRZ 2011 വിജ്ഞാപനം ഖണ്ഡിക 8(v)(4) ൽ CVCA കൾ ആയി പ്രഖ്യാപിക്കാവുന്ന മേഖലകൾ കണ്ടെത്തിയിരുന്നു. എന്നാൽ ഖണ്ഡിക 8(v)(4)(b) ൽ പറഞ്ഞിരിക്കുന്നത് പ്രകാരം കൂടിക്കാഴ്ച നടപടിയിലൂടെ CVCA കൾ ആയി പ്രഖ്യാപിക്കേണ്ടതാണ്. ഖണ്ഡിക 8(v)(4)(c) പ്രകാരം ഉപഭോക്താക്കളുമായി കൂടിയാലോചിച്ച് CVCA കൾ തിരിച്ചറിയുന്നതിനും, ആസൂത്രണത്തിനും, പ്രഖ്യാപിക്കുന്നതിനും നടപ്പാക്കുന്നതിനും നിശ്ചിത നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതും MOEF പ്രഖ്യാപിക്കേണ്ടതുമാണ്. 2011 വിജ്ഞാപനത്തിനെ ഖണ്ഡിക 8(v)(4)(d) പ്രകാരം CVCA കൾ തയ്യാറാക്കുന്നതിന് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പ്ലാനുകളും ആവശ്യമാണ്.

(ii) CRZ 2019 വിജ്ഞാപനത്തിന്റെ ഖണ്ഡിക 3.0 തീരദ്ദേശ പരിതസ്ഥിതി സംരക്ഷിക്കുന്നതിന്റെ ആവശ്യത്തിനും തദ്ദേശസമൂഹങ്ങളുടെ ബുദ്ധിമുട്ടുകൾക്കും ചില തീരദേശ

മേഖലകൾക്കും പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്. ഖണ്ഡിക 3.1 ൽ അതീവ ദുർബല തീരദേശ മേഖലകൾക്കും പ്രത്യേക പരിഗണന നല്കിയിട്ടുണ്ട്. ഖണ്ഡിക 3.1 ൽ തീരദേശ മേഖലകൾ വ്യക്തമാക്കുന്നു. അവയിൽ വേമ്പനാട്ട് കായൽ ഉൾപ്പെടുന്നു. 2011 വിജ്ഞാപനത്തിലെ ഖണ്ഡിക 8(v)(4)(b) ഉള്ളത് "........... CVCA ആയി പ്രഖ്യാപിക്കേണ്ടത് മേഖലയിൽ വസിക്കുന്ന മത്സ്യ തൊഴിലാളികളെയും മറ്റ് സമൂഹങ്ങളുമായി ആലോചിച്ച് പ്രക്രിയയിൽ", 2019 വിജ്ഞാപനത്തിലെ ഖണ്ഡിക 3.1 ൽ ഉള്ളത് "........... CVCA ആയി കരുതാവുന്നതും മത്സ്യതൊഴിലാളികൾ ഉൾപ്പെടുന്ന തീരദേശസമൂഹം ഉൾപ്പെടുന്ന നിയന്ത്രിക്കാവുന്നതും."

39. ആയതിനാൽ, അപ്പീൽവാദികൾക്ക്, സാഹചര്യം ഏറ്റവും മോശമായി 2011, വിജ്ഞാപനത്തിൽ, വിജ്ഞാപന പ്രകാരം തിരിച്ചറിഞ്ഞ രേഖകൾ തദ്ദേശ മത്സ്യതൊഴിലാളി തുടങ്ങിയവരുമായി കൂടി ആലോചിച്ച് മാത്രം CVCA ആയി പ്രഖ്യാപിക്കേണ്ടതാണ്. CVCA തിരിച്ചറിയുന്നതിനും, പ്രഖ്യാപിക്കുന്നതിനും നടപ്പാക്കുന്നതിനും നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതും എന്നാൽ 2019 വിജ്ഞാപനം നേരിട്ട് പേര് നല്കിയ മേഖലകളെ CVCA ആയി പരിഗണിക്കുകയും തീരദേശ സമൂഹത്തെ ഉൽപ്പെടുത്തി അധികാരികളിലാണ് അവയുടെ നിയന്ത്രണം നിക്ഷിപ്തമായിരിക്കുന്നത്. ആയതിനാൽ, അപ്പീൽ വാദികളുടെ ബദൽ അപേക്ഷയും അവർക്ക് അനുയോജ്യമായി കാണുന്നില്ല.

41. ആയതിനാൽ, പ്രസ്താവനകളിൽ (i) രണ്ട് ഐലന്റുകളിലും പൊതുവായി ഉണ്ടായ അടിസ്ഥാന വിഷയങ്ങൾ വാമിക ഐലന്റ് (മുകളിൽ പറഞ്ഞിരിക്കുന്ന) ൽ വിധി പറഞ്ഞിട്ടുള്ളതാണ്, (ii) എടുത്ത് കാണിക്കുന്ന വ്യത്യസ്ത പ്രത്യേകതകൾ, അവിടെ പ്രസ്താവിച്ചിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടിന് പ്രസക്തമല്ല, അപ്പീലുകൾ തള്ളേണ്ടതാണ്. ആയതിനാൽ, എല്ലാ അപ്പീലുകളും തള്ളിയിരിക്കുന്നു.

ചിലവുകൾക്ക് ഉത്തരവില്ലാത്തതാണ്.

.................................... J
(റോഹിംങ്ടൺ ഫാലി നരിമാൻ)

.................................... J
(അനിരുദ്ധ ബോസ്)

.................................... J
(വി. രാമസുബ്രഹ്മണ്യൻ)

ന്യൂ ഡൽഹി
ജനുവരി 10, 2020

[3](2000) 6 SCC 359
[4](1998) 7 SCC 386
[5](2019) 4 SCC 376

ബാദ്ധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.